**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 411** **10-08-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട, നാമമാത്ര കർഷകർക്ക് ആശ്വാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചെറുകിട, നാമമാത്ര കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചെറുകിട നാമമാത്ര കർഷകരുടെ കാർഷിക വായ്പയുടെ മൊറട്ടോറിയം കാലാവധി 2021 ജൂലൈ ഒന്ന് മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കൃഷി ഉപജീവനമാക്കിയിട്ടുള്ള ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കൃഷി ഉപജീവനമാക്കിയിട്ടുള്ള ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കോവിഡ് മഹാമാരിയിലും 776.42 കോടി രൂപയുടെ വിവിധ പദ്ധതികളാണ് സംസ്ഥാനത്തെ കർഷകരുടെ ഉന്നമനത്തിനായി 2021-22-ലെ ബഡ്ജറ്റിൽ വകയിരുത്തി നിർവ്വഹണം നടത്തിവരുന്നത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിന് വലിയ രീതിയിൽ സഹായകരമായിരിക്കും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS)വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 400.00 ലക്ഷം രൂപയും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 300.00 ലക്ഷം രൂപയും 2021-22-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികളിലൂടെ കർഷകരെ സഹായിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സാധിക്കുന്നു. |
| (സി) | കോവിഡ് പ്രതിസന്ധി മൂലം സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ചെറുകിട കർഷകരെ | (സി) | വിവിധ പദ്ധതികളിലൂടെയുള്ള ധനസഹായങ്ങൾ സമയബന്ധിതമായി കർഷകരുടെ ബാങ്ക് |

| | | | |
|---|---|---|---|
| | സഹായിക്കാൻ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | അക്കൗണ്ടിൽ സർക്കാർ നൽകി വരുന്നു. അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്തു നടപ്പിലാക്കുന്ന ജൈവ ഗൃഹം-സംയോജിത പദ്ധതിയിലൂടെ കർഷക വരുമാനം വർദ്ധിപ്പിക്കാനും, വർഷം മുഴുവൻ കർഷകന് വരുമാനം ഉറപ്പു വരുത്താനും സാധിച്ചിട്ടുണ്ട്. 16 ഇനം പഴം-പച്ചക്കറികൾക്ക് താങ്ങു വില ഏർപ്പെടുത്തുക വഴി കോവിഡ് കാലത്തു കർഷകർക്കൊരു കൈത്താങ്ങായിട്ടുണ്ട്. വിവിധ വിപണി ഇടപെടൽ പദ്ധതികളിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ഈ കാലത്ത് ന്യായമായ വില ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട് . 2021 മാർച്ച് 1നും ജൂൺ 30നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിന് 2021 ജൂൺ 30 വരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത സമയപരിധി 2021 ജൂലൈ 1മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നബാർഡ് കേരള ഗ്രാമീൺ ബാങ്കിനു 1000 കോടി രൂപയും, കേരള ബാങ്കിനു 1670 കോടി രൂപയും, (800 കോടി രൂപ കാർഷിക ആവശ്യത്തിനും 870 കോടി രൂപ കാർഷികേതര ആവശ്യത്തിനും) സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട്-2 (SLF-2)ആയി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാ ക്കിയിരുന്ന ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 31.08.2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുമുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31.08.2018 വരെ എടുത്തിട്ടുള്ള വായ്പകളും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2014 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് പരമാവധി 2 (രണ്ട്) ലക്ഷം രൂപ വരെ 2006ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007ലെ 1-ാം ആക്ട്)ലെ വ്യവസ്ഥകൾക്ക് വിധേയമായി കർഷക കടാശ്വാസ കമ്മീഷനിൽ നിന്നും കടാശ്വാസം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ